(2) പാനൂർ അങ്ങാടിയിലും പരിസരത്തുമുള്ള കച്ചവടസ്ഥാപനങ്ങൾ കൊള്ളയടിച്ചതുമൂലം നഷ്ടം സംഭവിച്ചവർക്ക് സഹായം നൽകുന്നതു സംബന്ധിച്ച്

ശ്രീ. എ. കണാരൻ : സർ, ഡിസംബർ ഒന്നാം തീയതി പാനൂർ അങ്ങാടിയിലും പരിസര പ്രദേശങ്ങളിലും ലക്ഷക്കണക്കിന് രൂപയുടെ വസ്തുവകകൾ ആർ.എസ്.എസ്.,-ബി.ജെ.പി.ക്കാർ കൊള്ളചെയ്തുകൊണ്ടു പോയിരിക്കുകയാണ്. കച്ചവടക്കാരുടെ കടകൾ വെട്ടിപ്പൊളിച്ച്, കുത്തിത്തുറന്ന് ലോറിയിലും ജീപ്പിലും സാധനങ്ങൾ കയറ്റി കടത്തിക്കൊണ്ടുപോവുകയാണ് ചെയ്തിട്ടുള്ളത്. എവിടെയെങ്കിലും എന്തെങ്കിലും സംഭവങ്ങൾ നടന്നുകഴിഞ്ഞാൽ അക്രമത്തിനും കൊള്ളയ്ക്കും വിധേയരാകുന്നത് ഈ കച്ചവടക്കാരാണ്. ജീവിക്കാൻ കച്ചവടം തൊഴിലായി സ്വീകരിച്ചവരാണ് ഇവർ. പ്രായമായവരുടെ സംരക്ഷണ ചെലവുകൾ, കുട്ടികളുടെ വിദ്യാഭ്യാസം, കുടുംബ ചികിൽസ, നിത്യനിദാന ചെലവുകൾ ഇതെല്ലാം കച്ചവടത്തിൽ നിന്നും കിട്ടുന്ന ആദായം കൊണ്ടാണ് അവർ നിറവേറ്റുന്നത്. പാനൂരിലെ ഇരുപതോളം വരുന്ന കച്ചവടക്കാരുടെ ഭാവി തകർത്തുകളഞ്ഞു. അവർ കണ്ണീരോടുകൂടിയാണ് അവിടെ കഴിയുന്നത്. ചില കണക്കുകൾ ഞാൻ പറയാം. നവീൻ മെഡിക്കൽഷോപ്പ് മൂന്ന് ലക്ഷം രൂപ, ചിക്ക് വീഡിയോസ് നാല് ലക്ഷം രൂപ, ടി. ചന്ദ്രന്റെ ഒരു ചെരുപ്പുകട രണ്ട് ലക്ഷം രൂപ, ഇഷ്ടനംബിശന്റെ വൈദ്യശാല 60,000 രൂപ, കെ.പി. കുമാരന്റെ ഓട്ടോമൊബൈൽ കട രണ്ട് ലക്ഷം രൂപ. മുരളിയുടെ ഒരു ഇലക്ട്രോണിക്സ് കട രണ്ട് ലക്ഷം രൂപ ലക്ഷ്മണൻ വൈദ്യരുടെ മരുന്ന് കട ഒന്നരലക്ഷം രൂപ, വേറൊരു തുണിക്കട മൂന്ന് ലക്ഷം രൂപ, രവിയുടെ കട രണ്ട് ലക്ഷം രൂപ. ഇതെല്ലാം കൊള്ള ചെയ്തതിട്ടുള്ള ചില കടകൾ മാത്രമാണ്. എല്ലാം വിശദമായി അന്വേഷണം നടത്തണം. അതിഭീകരമായ താണ്ഡവമാടിയ ആർ.എസ്.എസ് അക്രമികൾ എല്ലാം നശിപ്പിച്ചതിന്റെ ഫലമായി ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്തയവസ്ഥയാണ് അവർക്കുള്ളത്. അവരെ സഹായിക്കാൻ സർക്കാർ മുൻകൈയെടുക്കണം. ഹോൾസെയിൽ സംഘടനയെന്ന മുദ്രാവാക്യം മുഴക്കി നടക്കുന്ന ഏകോപന സമിതിക്കാരൻ രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയും കച്ചവടക്കാരന്റെ സ്വാതന്ത്ര്യവും നശിപ്പിക്കുംപോൾ ആർ.എസ്.എസ്.-കാരും ബി.ജെ.പി.ക്കാരും അക്രമവും കൊള്ളയും നടത്തി വ്യാപാരി സമൂഹത്തെ അനാഥത്വത്തിലേയ്ക്ക് തള്ളിവിടുകയാണ്. ഇതിനെതിരായി ശക്തമായ പ്രക്ഷോഭണ പരിപാടികളുമായി വ്യാപാര വ്യവസായി സമിതി മുന്നോട്ട് വന്നിട്ടുണ്ട്. ഇതൊരു ശുഭസൂചനയാണ്. അതിനാൽ ഈ വർഗ്ഗീയ തീവ്രവാദ അക്രമത്തിന്റെ ഫലമായി ജീവിത സമ്പാദ്യം നഷ്ടപ്പെട്ട് ജീവിക്കാൻ യാതൊരു മാർഗ്ഗവുമില്ലാതെ കഴിയുന്ന ഈ വ്യാപാരികൾക്ക് ഏറ്റവും വേഗത്തിൽ നഷ്ടപരിഹാരം നൽകി അവരെ സഹായിക്കണം. ഇടതുപക്ഷ ഗവൺമെന്റിനോട് വളരെ വിശ്വാസം അവർക്കുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റ് അവരുടെ കണ്ണീരൊപ്പുമെന്ന് അവർക്ക് പ്രതീക്ഷയുണ്ട്. ആ പ്രതീക്ഷ നടപ്പിൽ വരുത്താൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, 15-12-99-ൽ കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ ചില ഭാഗങ്ങളിൽ അടുത്ത കാലത്ത് നടന്ന സംഘർഷങ്ങളോടനുബന്ധിച്ച് ചില വീടുകൾക്കും കടകൾക്കും മറ്റുചില സ്വത്ത് വകകൾക്കും നാശനഷ്ടമുണ്ടായിട്ടുണ്ട് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡിസംബർ ആറിന് കണ്ണൂരിൽ

LIBRARY ARCHIVES Kerala Legislative Assembly

നടന്ന സർവകക്ഷി സമാധാന ചർച്ചയോടനുബന്ധിച്ച് നടന്ന കൂടിയാലോചനകളിൽ സ്വത്ത് വകകൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം കൊടുക്കണമെന്ന് വിവിധ നേതാക്കൾ ആവശ്യപ്പെട്ടിട്ടുണ്ട്. നാശനഷ്ടങ്ങളുടെ വിശദവിവരങ്ങൾ തയ്യാറാക്കാൻ കണ്ണൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആ റിപ്പോർട്ട് ലഭിച്ചാൽ അത് പരിശോധിച്ച് ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(3) കാസർഗോഡ് ആകാശവാണിയുടെ എഫ്.എം. സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച്

<u>ശ്രീ. പി. രാഘവൻ</u> : സർ, കാസർഗോഡ് ജില്ലയിൽ ഒരു ആകാശവാണി നിലയം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശമുണ്ടായിരുന്നു. അതിന് സ്ഥലം കിട്ടാത്തതിന്റെ ഫലമായി കാലതാമസം നേരിടുന്നു. ഇപ്പോൾ കാസർഗോഡ് ചെമ്പനാട് പഞ്ചായത്തിൽ രണ്ടേക്കർ അറുപത് സെന്റ് പഞ്ചായത്തിന്റെ കീഴിലുള്ള സ്ഥലം നൽകുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. അതുപോലെതന്നെ ലോക്കൽ അഡ്മിനിസ്ട്രേഷൻ മിനിസ്റ്ററുടെ ഓഫീസിൽ നിന്നും അനുകൂലമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പക്ഷെ ഏറ്റവും ഒടുവിൽ ഈ ആകാശവാണി നിലയത്തിനാവശ്യമായ സൗകര്യം ചെയ്തുകൊടുക്കുന്നതിനുവേണ്ടി ഒരു ആക്ഷൻ കൗൺസിൽ അവിടെ ഉണ്ടാക്കിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട എം.പി.ക്ക് ലഭിച്ച ഒരു മറുപടിയിൽ പറഞ്ഞിരിക്കുന്നത് ഇതിനുള്ള കാശ് ഇല്ല എന്നാണ്. സാമ്പത്തികനില മോശമായതിനാൽ ഇപ്പോൾ അനുവദിക്കുന്നതല്ലയെന്നുള്ള ഒരു മറുപടി ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് കൊല്ലം ഇതിന് 10 കോടി രൂപവീതം നീക്കിവെച്ചിരുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇപ്പോൾ മാറിവന്ന കേന്ദ്ര ഗവൺമെന്റ് അത് നിഷേധിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നുള്ളതിന്റെ സൂചനയാണ് എം.പി.ക്ക് ലഭിച്ചിട്ടുള്ള ഈ കത്ത്. അതുകൊണ്ടാണ് ഞാൻ ഈ പ്രശ്നം ഇവിടെ ഉന്നയിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിലിടപെടുകയും സ്ഥലം നൽകാനാവശ്യമായ നടപടിയും അതുപോലെതന്നെ നഷ്ടപ്പെട്ടുപോകുമെന്ന സ്ഥിതിയിൽ നിന്നും ആകാശവാണി നിലയം ലഭിക്കാനാവശ്യമായ നടപടിയുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. ഇ.കെ. നായനാർ</u>) : സർ, ആകാശവാണി എഫ്.എം. സ്റ്റേഷൻ കാസർഗോഡ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ട്. എഫ്.എം. നിലയത്തിനാവശ്യമായ സ്ഥലം കൈമാറ്റം ചെയ്തുകൊടുക്കാത്തതാണ് ഇതിന്റെ പ്രവർത്തനമാരംഭിക്കാൻ താമസിക്കുന്നതിനുള്ള കാരണം എന്ന് ഞാൻ മനസ്സിലാക്കുന്നു. 1999-2000-ലെ പ്ലാൻ സ്കീമിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല. സ്ഥലം ലഭ്യമാക്കിയാൽ അടുത്ത സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഇത് ഉൾപ്പെടുത്തുന്നതാണെന്ന് അറിയുന്നു. ഈ സാഹചര്യത്തിൽ കാസർഗോഡ് എഫ്.എം. നിലയത്തിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ അടിയന്തിരമായി കൈകൊള്ളുന്നതാണ്.

(4) പെൻഷൻകാരുടെ ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടത് സംബന്ധിച്ച്

<u>ശ്രീ. തോമസ് ചാഴികാടൻ</u> : സർ, കേരളത്തിലെ മൂന്ന് ലക്ഷത്തോളം വരുന്ന സർവ്വീസ് പെൻഷൻകാരോടുള്ള സംസ്ഥാന സർക്കാരിന്റെ അവഗ

LIBRARY ARCHIVES Kerala Legislative Assembly